(ഇ) റോഡുപണികൾക്കായി മാത്രം ഫണ്ട് നീക്കിവയ്ക്കുന്ന പതിവ് ഇല്ല. എം.വി.ഐ.പി.ക്ക് മൊത്തമായിട്ടാണ് ആക്ഷൻ പ്ലാനിൽ തുക വക കൊള്ളിക്കാറുള്ളത്.

(എഫ്) ഈ റോഡുകളുടെ പണി അടുത്ത സാമ്പത്തികവർഷത്തിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി-ജെ) വിവരം ശേഖരിച്ചുവരുന്നു.

കനോലി കനാലിന്റെ വികസന പ്രവർത്തനം

27 (1178) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കനോലി കനാലിന്റെ വികസനപ്രവർത്തനം സ്തംഭിച്ചു നില്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കനാലിന്റെ ഇതുവരെ നടന്ന വികസനപ്രവർത്തനത്തിന്റെ വിശദാംശവും ചെലവായ തുകയും എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) കനാലിൽ പലസ്ഥലത്തും മൺകൂനകളും പായലുകളും നിറഞ്ഞ ചെളിവെള്ളം കെട്ടിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കനാലിന്റെ വികസനപ്രവർത്തനം പൂർത്തിയാക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1068 ലക്ഷം രൂപയ്ക്കുള്ള വികസനപ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടന്നുവരുന്നത്. ഇതുവരെ 596.92 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 130 ലക്ഷം രൂപ കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്.

(സി) ഉണ്ട്. വികസനപ്രവർത്തനം നടന്നുവരുന്നതിനാൽ പായലുകളും മൺകൂനകളും പൂർണ്ണമായി നീക്കം ചെയ്യപ്പെട്ടിട്ടില്ല.

(ഡി) ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും പണി ഉടനെ പുനരാരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. 18-12-2000-ന് കോഴിക്കോട് ജില്ലാ കളക്ടർ ഈ കനാലിന്റെ നവീകരണത്തിനായി ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിച്ച് മീറ്റിംഗ് വിളിച്ചുകൂട്ടുകയും കോഴിക്കോട് കോർപ്പറേഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും 100 ലക്ഷം രൂപ ലഭ്യമാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly